പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**കൊട്ടാരക്കര മണ്ഡലത്തിലെ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4060 — 21.07.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ നാലു വർഷങ്ങളായി കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ എത്ര രൂപയുടെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത് എന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ; | (എ) | അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു |
| (ബി) | പ്രസ്തുത പദ്ധതികളിൽ ഓരോ വർഷവും സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ എത്രയെന്ന് പഞ്ചായത്ത് തിരിച്ച് പട്ടിക ലഭ്യമാക്കാമോ ; | (ബി) | അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു |
| (സി) | പ്രസ്തുത പദ്ധതിയുടെ കീഴിൽ ആരംഭിക്കാനുദ്ദേശിച്ചിട്ടുള്ള രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങളുടെ പ്രവർത്തനം കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ആരംഭിച്ചിട്ടുണ്ടോ ; എന്തെല്ലാം സേവനങ്ങളും പ്രവൃത്തികളുമാണ് പ്രസ്തുത കേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്നത് ? | (സി) | അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം 1.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ നാല് വർഷങ്ങളായി കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾക്കായി ചെലവഴിച്ച തുക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്തിന്റെ പേര് | 2011 -12 | 2012 - 13 | 2013 - 14 | 2014 - 16 |
|---|---|---|---|---|
| എഴുകോൺ | 8647834 | 11872000 | 12353000 | 13658000 |
| കരീപ്ര | 8902540 | 13071000 | 11706000 | 15243000 |
| കൊട്ടാരക്കര | 8716616 | 11899768 | 14606858 | 9612438 |
| നെടുവത്തൂർ | 7619660 | 12242000 | 12597000 | 10061000 |
| പൂയപ്പള്ളി | 6293606 | 8847000 | 7712000 | 12468000 |
| വെളിയം | 8525336 | 11856192 | 13347474 | 12321099 |
| കുളക്കട | 17787244 | 26362363 | 11857873 | 28056289 |
| മൈലം | 17976149 | 26006916 | 21737480 | 23616076 |
| ഉമ്മന്നൂർ | 12753000 | 16704000 | 14471000 | 26102000 |
| ആകെ | 97221165 | 138861239 | 120190685 | 151153902 |

Das

അനുബന്ധം 2

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ കഴിഞ്ഞ നാല് വർഷങ്ങളിൽ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്തിന്റെ പേര് | 2011-12 | 2012-13 | 2013-14 | 2014-15 |
|---|---|---|---|---|
| എഴുകോൺ | 51492 | 67424 | 68834 | 61178 |
| കരീപ്ര | 54904 | 77404 | 73341 | 54274 |
| കൊട്ടാരക്കര | 54957 | 70537 | 75320 | 54335 |
| നെടുവത്തൂർ | 50138 | 69728 | 68177 | 63839 |
| പൂയപ്പള്ളി | 43453 | 51868 | 55629 | 41841 |
| വെളിയം | 51959 | 69933 | 74506 | 47506 |
| കുളക്കട | 112672 | 152538 | 115250 | 113457 |
| മൈലം | 11793 | 147689 | 149759 | 94900 |
| ഉമ്മന്നൂർ | 72153 | 99750 | 127193 | 94039 |
| ആകെ | 503521 | 806871 | 808009 | 625369 |

അനുബന്ധം 3

കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ ഒരു ഗ്രാമപഞ്ചായത്തിലും രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങൾ നിർമ്മിച്ചിട്ടില്ല.

രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങളുടെ സേവനങ്ങളും പ്രവൃത്തികളും ചുവടെ ചേർക്കുന്നു.

1.ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലെ തൊഴിലുറപ്പ് പദ്ധതി ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ സ്ഥലം പ്രദാനം ചെയ്യുക.

2. വിജ്ഞാന-വിഭവ കേന്ദ്രമായി (Knowledge resource centre) പ്രവർത്തിക്കുക

i.മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയേയും മറ്റ് ഗ്രാമവികസന പദ്ധതികളെയും കുറിച്ചുള്ള വിവരങ്ങൾ ഗ്രാമീണർക്ക് ലഭ്യമാക്കുക.

ii. ഗ്രാമപ്രദേശങ്ങളിലെ ആസ്തികളുടെ ഉല്പാദനക്ഷമതയും സുസ്ഥിരതയും വർദ്ധിപ്പിക്കുന്നതിനാവശ്യമായ മാതൃകാ പ്രവർത്തനങ്ങളും നൂതന സാങ്കേതികവിദ്യകളും സംബന്ധിച്ച വിവരങ്ങൾ ജനങ്ങൾക്ക് നൽകുക.

iii.പൊതുജനങ്ങൾക്കും, ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ ഓഫീസിനും സഹായകരമായ രീതിയിൽ വിവരസാങ്കേതികവിദ്യയിലൂടെ സേവനങ്ങൾ ലഭ്യമാക്കുക.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമമനുസരിച്ച് ലഭ്യമാക്കേണ്ട അവകാശങ്ങളും സേവനങ്ങളും ഉറപ്പാക്കുന്നതിനുതകുന്ന വേദിയായി ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങളെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഇതിലേക്കായി, തൊഴിൽ കാർഡ് ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കൽ, തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ നൽകൽ, മസ്റ്റർ റോളുകളുടെ പരിശോധന, പരാതി സമർപ്പിക്കൽ, വിവര സാങ്കേതിക സംവിധാനങ്ങളുടെ പ്രയോജനം ലഭ്യമാക്കൽ എന്നിവ സേവാ കേന്ദ്രങ്ങൾ വഴി ഏറ്റെടുക്കാം. കൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഉദ്യോഗസ്ഥർക്ക് പ്രവർത്തിക്കുന്നതിനുള്ള സൗകര്യം, മീറ്റിംഗുകൾ, ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കൽ, വിവര സാങ്കേതിക സൗകര്യങ്ങൾ സജ്ജമാക്കൽ, ഓഫീസ് റിക്കാർഡുകൾ സൂക്ഷിക്കൽ, പരാതി പരിഹാര സംവിധാനം, ഗ്രാമതലത്തിൽ സോഷ്യൽ ഓഡിറ്റ് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള പിന്തുണാ സംവിധാനം, പരിശീലനങ്ങൾ സംഘടിപ്പിക്കൽ എന്നീ പ്രവർത്തനങ്ങളും രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങൾ വഴി നിർവ്വഹിക്കുന്നതാണ്.